"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - ശ്രീ.വിഷ്ണു.ബി.എസ്, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ജില്ലാ ജയിൽ, തിരുവനന്തപുരം - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2054/2025/HOME തീയതി,തിരുവനന്തപുരം, 19-06-2025

---

പരാമർശം:-

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 18.01.2021 തീയതിയിലെ KLR4-1/1/2019/KPSC നമ്പർ നിയമന ശിപാർശ.
2. ജയിലാസ്ഥാനകാര്യാലയത്തിലെ 10/02/2021 തീയതിയിലെ ഇ5/13932/2020/പി.ആർ.എച്ച്.ക്യൂ നമ്പർ ഉത്തരവ്.
3. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 22.05.2025 തീയതിയിലെ കെ.പി.സി.എസ്./3926/2025 — ഇ5 നമ്പർ നടപടിക്രമം.
4. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 22.05.2025 തീയതിയിലെ കെ.പി.സി.എസ്./3926/2025 - ഇ5 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.വിഷ്ണു.ബി.എസ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരാമർശം (1) നിയമന ശിപാർശയുടെയും ജയിലാസ്ഥാന കാര്യാലയത്തിലെ പരാമർശം (2) ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 12.02.2021 തീയതിയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ ജയിൽവകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. സർവ്വീസിൽ പ്രവേശിച്ച് തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷമാണ് അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലയളവ്. ഈ കാലയളവിൽ ഇദ്ദേഹം പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ലായെന്നതിനാൽ 11.02.2023 തീയതിയിൽ 2 വർഷ സർവ്വീസ് പൂർത്തിയാക്കിയിട്ടുണ്ട്. ശ്രീ.വിഷ്ണു.ബി.എസ് പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പ് തല പരീക്ഷകൾ 2024 ജൂലൈ മാസത്തിൽ നടത്തിയ പരീക്ഷയിലൂടെ പാസായിട്ടുണ്ടെന്നും അവസാനമായി പരീക്ഷയിൽ പങ്കെടുത്ത തീയതി 18.10.2024 ആണെന്നും ഈ നോട്ടിഫിക്കേഷനിൽ നടന്ന അവസാന പരീക്ഷയുടെ തീയതി 25.11.2024 ആണെന്നും ഇദ്ദേഹത്തിന്റെ സേവനവും ജയിലിലെ പെരുമാറ്റവും തൃപ്തികരമാണെന്നും പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.വിഷ്ണു.ബി.എസ് - ന്റെ പ്രൊബേഷൻ കാലയളവ് 12.02.2023 മുതൽ 11.02.2024 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. വകുപ്പുതലപരീക്ഷ പാസായിട്ടുള്ള സാഹചര്യത്തിൽ, ഇദ്ദേഹത്തിന്റെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 26/11/2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനു വേണ്ടി പ്രൊബേഷൻ കാലയളവ് 12.02.2024 മുതൽ

27.11.2024 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം (4) പ്രകാരം പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ.വിഷ്ണു.ബി.എസ് - ന്റെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 26.11.2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്ക് സാധിക്കുമാറ്, പ്രൊബേഷൻ കാലയളവ് കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം, 12.02.2024 മുതൽ 27.11.2024 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജീഷ് ബി ഗോപൻ
അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം.(സർവ്വീസ് ബുക്ക് സഹിതം).
ശ്രീ.വിഷ്ണു.ബി.എസ് (പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Kavitha S
Date: 20-06-2025 11:59:58
സെക്ഷൻ ഓഫീസർ